GLPS MANJAPRA

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26

# ആമുഖം

സമഗ്രവിദ്യാഭ്യാസം ഓരോ കുട്ടിക്കും ലഭിക്കുക എന്ന ആശയത്തെ മുൻനിർത്തിയാണ് പൊതുവിദ്യാലയങ്ങളിലെ പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. ഓരോ കുട്ടിയും സമഗ്രമായി മുന്നേറുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ഓരോ ക്ലാസ്സിലും നേടേണ്ട അടിസ്ഥാനശേഷികൾ കുട്ടികൾ നേടുന്നു എന്നത് വിലയിരുത്തപ്പെടുന്നു. ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പിക്കുന്നതിന് സ്കൂൾ തലത്തിൽ കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തി ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പിക്കുന്ന പ്രവർത്തനപദ്ധതിയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. ഗുണമേന്മ വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിന് ആവശ്യമായ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ ഏകോപനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. പഠനപ്രവർത്തനത്തിന്റെ ഫലപ്രാപ്തിക്കായി നടത്തുന്ന വിവിധ വിലയിരുത്തലുകളും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഒപ്പം അധിക പിന്തുണ ആവശ്യമായ സാഹചര്യങ്ങൾ കണ്ടെത്തി അവയ്ക്ക് അനുയോജ്യമായ പ്രവർത്തനപാഠം ഒരുക്കി സമഗ്രമായ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പ് വരുത്തേണ്ടത് പരമപ്രധാനമാണ്. വിദ്യാർത്ഥികളിൽ ഉണ്ടാവുന്ന മാറ്റങ്ങൾ പൊതുസമൂഹത്തിൽ ചർച്ച ചെയ്യപ്പെടുകയും പൊതുവിദ്യാലയങ്ങളോടുള്ള സ്വീകാര്യത വർധിക്കുകയും ചെയ്യും.

വിദ്യാലയ ചരിത്രം

കണ്ണമ്പ്ര പഞ്ചായത്തിലെ നാലാം വാർഡിൽ വണ്ണാമ്പ്ര എന്ന സ്ഥലത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. കുന്നുശ്ശേരിപറമ്പ്, വടക്കേത്തറ, വല്ലപറമ്പ്, പട്ടത്തറ എന്നീ ഭാഗങ്ങളിൽ നിന്നുമാണ് പ്രധാനമായും സ്കൂളിലേക്ക് കുട്ടികൾ വരുന്നത്.

വണ്ണാമ്പ്ര ലോവർ പ്രൈമറി സ്കൂൾ 1929-ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ഗേൾസ് ലോവർ എലിമെന്ററി സ്കൂൾ ആയാണ് പ്രവർത്തനം ആരംഭിച്ചത്. 1940-ൽ ഇത് ഗേൾസ് ഹയർ എലിമെന്ററി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. ശ്രീ. കൊച്ചു മാധവൻ നായർ പണികഴിപ്പിച്ച കെട്ടിടത്തിലായിരുന്നു അന്ന് ഈ വിദ്യാലയം പ്രവർത്തിച്ചിരുന്നത്. ശ്രീ. ചെല്ലമണി നായരുടെ കെട്ടിടത്തിൽ ഒരു ബോയ്സ് എലിമെന്ററി സ്കൂളും പ്രവർത്തിച്ചിരുന്നു. 1960-ൽ ഈ രണ്ട് വിദ്യാലയങ്ങളും ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങി.

8 ക്ലാസ്സ്മുറികളും 7 അധ്യാപകരും ഒരു പ്യൂണും ആലത്തൂർ NEHS സെന്ററായുള്ള ELSC പരീക്ഷയും എല്ലാം കൂടി ഈ വിദ്യാലയത്തിന്റെ സുവർണ്ണകാലം കൂടി ആയിരുന്നു. 1958-ൽ കേരള വിദ്യാഭ്യാസ നിയമങ്ങൾ നടപ്പിൽ വന്നതോടുകൂടി ഇതിന്റെ പേര് ഗവൺമെന്റ് യു.പി. സ്കൂൾ എന്നായി. 1959 മുതൽ 1983 വരെയുള്ള 24 കൊല്ലം ശ്രീമതി. കെ.പി. സാവിത്രി ടീച്ചർ ഈ

സ്കൂളിലെ പ്രധാനാധ്യാപിക ആയിരുന്നു. 1960-ൽ കുട്ടികൾ കുറവാണെന്ന കാരണത്തിൽ U.P സെക്ഷൻ ഇല്ലാതായി. അങ്ങനെ എൽ.പി സ്കൂൾ ആയി പ്രവർത്തനം തുടർന്നു. വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയത്തിന് സ്വന്തമായി ഒരു കെട്ടിടം എന്നത് ഒരു സ്വപ്നമായിരുന്നു. തുച്ഛമായ വാടക ലഭിച്ചിരുന്നുള്ളൂ എന്നതുകൊണ്ട് തന്നെ വർഷം തോറും അറ്റകുറ്റപ്പണികൾ നടത്താൻ പോലും ഉടമസ്ഥന് കഴിയുമായിരുന്നില്ല.

DPEP യുടെ ആവിർഭാവത്തോടെ കെട്ടിടമില്ലാത്ത ഗവൺമെന്റ് സ്കൂളുകൾക്ക് സ്ഥലം ലഭ്യമായാൽ കെട്ടിടം നിർമ്മിച്ച് നൽകുമെന്ന നിയമം വന്നു. അതിന്റെ അടിസ്ഥാനത്തിൽ സമീപ വിദ്യാലയമായ TMHUP സ്കൂൾ മാനേജർ ശ്രീമതി. സലീന കെട്ടിടം നിർമ്മിക്കാൻ 20 സെന്റ് സ്ഥലം വിട്ടു നൽകി. ഇതിന് പിന്നിൽ അന്നത്തെ PTA-യുടെയും AEO ശ്രീനിവാസ അയ്യരുടെയും സജീവ പ്രവർത്തനം ഉണ്ടായിരുന്നു. 1999 ജൂലൈ 7ന് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. വളരെ വേഗം തന്നെ പണി പൂർത്തിയായി. 7.2.2000-ൽ ബഹു. ധനമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

കണ്ണമ്പ്ര പഞ്ചായത്തിൽ നിന്നും SSA-യിൽ നിന്നും സ്കൂളിനാവശ്യമായ സഹായങ്ങൾ ലഭിച്ചു വരുന്നു. പഞ്ചായത്തിൽ നിന്നും ചുറ്റുമതില്, അടുക്കള, പ്രീ-പ്രൈമറി ക്ലാസ്റൂം, സ്റ്റേജ് എന്നിവ നിർമ്മിക്കാനുള്ള ഫണ്ട് ലഭിച്ചു. SSA തരുന്ന വിവിധ ഗ്രാന്റുകൾ സ്കൂളിന്റെ ഉന്നമനത്തിനായി ഉപയോഗിച്ച് വരുന്നു.

സമഗ്ര ഗുണമേന്മ പദ്ധതിയിലെ ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ

1. റോഡ് സുരക്ഷ.

റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, അറിഞ്ഞിരിക്കേണ്ട നിയമങ്ങൾ എന്നിവയെ കുറിച്ച് ധാരണ നൽകുന്ന ക്ലാസുകൾ, വീഡിയോ പ്രദർശനം, ട്രാഫിക് നിയമങ്ങൾ എഴുതിയ ബോർഡുകൾ സ്ഥാപിക്കൽ .

2. വ്യക്തിശുചിത്വം, പരിസര ശുചിത്വം

ഹരിതക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്കരണം

വ്യക്തിശുചിത്വവുമായി ബന്ധപ്പെട്ട കുട്ടികൾ പാലിക്കേണ്ട കാര്യങ്ങൾ എഴുതിയ ബോർഡുകൾ സ്ഥാപിക്കൽ, Dry day - മാസത്തിൽ 2 വെള്ളിയാഴ്ചകൾ പൂന്തോട്ട നിർമ്മാണം, ഹരിത പ്രോട്ടോക്കോളുകൾ പാലിച്ചുകൊണ്ടുള്ള ദിനാചരണങ്ങൾ

3. ആരോഗ്യം, വ്യായാമം, കായികക്ഷമത.

കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി സൂംബാ ഡാൻസ്, പഠന ക്ലാസുകൾ, ഗെയിമുകൾ ലഘു വ്യായാമമുറകൾ എന്നിവയുടെ പരിശീലനം സ്കൂൾ അസംബ്ലിയിൽ ആഴ്ചയിൽ 2 ദിവസം സൂംബാ ഡാൻസ്

4 ലഹരിക്കെതിരെ

ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ചു ബോധവൽക്കരിക്കുന്ന ക്ലാസുകൾ, വീഡിയോ പ്രദർശനം Flash mob., ദിനാചരണങ്ങൾ.

5. ഡിജിറ്റൽ അച്ചടക്കം

കുട്ടികളുടെ അമിത മൊബൈൽ ഫോൺ ഉപയോഗം കുറക്കുന്നതിനായി class PTA, ജനറൽബോഡി എന്നിവയിൽ ബോധവൽക്കരണം. ഉപകാരപ്രദമായ APP-കൾ കുട്ടികൾക്ക് പരിചയപ്പെടുത്തൽ, School IT ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കൽ.

6 പൊതുമുതൽ സംരക്ഷണം

പൊതുമുതൽ സംരക്ഷണം - അവബോധം സൃഷ്ടിക്കൽ, ഓരോ ക്ലാസിലേയും ഉപകരണങ്ങൾ പഠനോപകരണങ്ങൾ എന്നിവയുടെ ചുമതല കുട്ടികളെ ഏൽപ്പിക്കൽ.

NAS -

കുട്ടികളെ പൊതുപരീക്ഷകളിൽ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുന്നതിനും ഗുണമേന്മാ വിദ്യാഭ്യാസം എന്ന ലക്ഷ്യം നേടുന്നതിനുമായി വിദ്യാലയത്തിലെ മൂന്നാം തരത്തിലെ കുട്ടികളെ ഉൾപ്പെടുത്തി മോഡൽ പരീക്ഷകൾ സംഘടിപ്പിച്ചു NAS-ന് തയ്യാറെടുക്കുന്നു.

LSS പിന്തുണാ പ്രവർത്തനം

എല്ലാ വിഷയങ്ങളിലൂടെ ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട മാതൃകാ ചോദ്യങ്ങൾ നൽകുന്നു. മാതൃകാ പരീക്ഷകളെഴുതാൻ അവസരം നൽകുന്നു. സബ് ജില്ലാ തലത്തിൽ തയ്യാറാക്കുന്ന മോഡൽ ചോദ്യപേപ്പറുകൾ പരിശീലിക്കുന്നതിലൂടെ കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നു. ഉയർന്ന ശേഷികളുമായി ബന്ധപ്പെട്ട കൂടുതൽ ചോദ്യങ്ങൾ പരിശീലിപ്പിക്കുന്നു.

പ്രത്യേക പിന്തുണ വേണ്ട കുട്ടികൾക്കുള്ള പഠന പിന്തുണാ പ്രവർത്തനങ്ങൾ -

ക്ലാസ് പ്രവർത്തനങ്ങളിൽ CWSN കുട്ടികളെ ഉൾപ്പെടുത്തുന്നതിനായി പ്രത്യേക പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ അധ്യാപകരെ ചുമതലപ്പെടുത്തൽ. സ്കൂൾ പരിസരം ഭിന്നശേഷി സൗഹൃദമാക്കി.

ശ്രദ്ധ : മൂന്നാം ക്ലാസിലെ പഠനപിന്നോക്കക്കാർക്കുള്ള പ്രത്യേക പിന്തുണ. എല്ലാദിവസവും ഉച്ചക്ക് 1-30 -2pm & 3-30-4pm. ഓരോ വിഷയവുമായി ബന്ധപ്പെട്ട Worksheet പരിശീലിപ്പിക്കൽ. അടിസ്ഥാന ഭാഷാശേഷി ഉറപ്പിക്കാൻ ഭാഷാകേളികൾ.

Learning enhancement Program

LEP യുടെ ഭാഗമായി SRG കൂടി ചർച്ച ചെയ്ത് നടപ്പിലാക്കാൻ കഴിയുന്ന പ്രോജക്ടുകൾ കണ്ടെത്തി. വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കൽ, വിദ്യാലയത്തിന്റെ അച്ചടക്കം, വാർഷികം തുടങ്ങിയ കാര്യങ്ങൾ യോഗത്തിൽ തീരുമാനമെടുത്തു.

വിഷയ മേഖല പ്രവർത്തനങ്ങൾ

1. പ്രവർത്തനത്തിന്റെ പേര്: വായനാവസന്തം.

ആമുഖം: സ്കൂളിൽ വച്ചാണ് വായന വളരുന്നത് പാഠ പുസ്തകങ്ങൾക്കപ്പുറം വായനയുടെ ലോകം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. വായന ഒരു ശീലവും ലഹരിയുമാക്കി മാറ്റുക. വായനയുടെ വിവിധ തലങ്ങൾ കൂട്ടുകാരെ പരിശീലിപ്പിക്കുക. രക്ഷിതാക്കളെ വായനയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക എന്നിവയാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം

പ്രവർത്തനം: ബാല മാസികകൾ, പുസ്തകങ്ങൾ എന്നിവ നൽകി സ്വതന്ത്രവായനക്കവസരം നൽകുന്നു. അതിനായി ഓരോ ക്ലാസ്സിലും ക്ലാസ് ലൈബ്രറി ഒരുക്കി പുസ്തകങ്ങൾ ശേഖരിക്കുന്നു. മികവ് പുലർത്തുന്ന കൂട്ടുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി വായന പ്രതിഭ, വായനാ പുരസ്കാരം എന്നിവ നൽകുന്നു